# ST.JOSEPH'S HSS

# THALASSERY















സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് തലശ്ശേരി

റവന്യൂ ജില്ല
കണ്ണൂർ

വിദ്യാഭ്യാസ ജില്ല
തലശ്ശേരി

ഉപജില്ല
തലശ്ശേരി സൗത്ത്

ഹെഡ്മാസ്റ്റർ
ജെൻസൺ സി.ആർ



# ആശംസ

തലശ്ശേരി സെൻ്റ് ജോസഫ്സ് എച്ച്.എസ്.എസ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു.വിദ്യാർത്ഥികളുടെ ഡിജിറ്റൽ എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തുന്ന സദുദ്യമത്തിന് എൻ്റെ എല്ലാവിധ ആശംസകളും നേരുന്നു.

ഡെന്നി ജോൺ.കെ

പ്രിൻസിപ്പൽ



# ആശംസ

സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് തലശ്ശേരിയിലെവിദ്യാരംഗം കലാസാഹിത്യ വേദിയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ചേർന്ന് വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികളെ ഡിജിറ്റലൈസ് ചെയ്ത് തയ്യാറാക്കുന്ന വളപ്പൊട്ടുകൾ എന്ന ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാകുട്ടികൾക്കും അവരെ നയിച്ച അധ്യാപകർക്കും ആശംസകൾ നേരുന്നു.

ജെൻസൺ സി.ആർ
ഹെഡ്മാസ്റ്റർ



കുട്ടികളുടെ ഏറ്റവും വലിയ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.
നിലവിൽ നമ്മുടെ സ്കൂളിലെ 120 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്.ഗ്രാഫിക് ഡിസൈനിങ് ,ആനിമേഷൻ,പ്രോഗ്രാമിങ്, മലയാളം ടൈപ്പിംഗ്, ഡെസക്ടോപ് പബ്ലിഷിങ്, തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

വിജ്ഞാനം വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലത്ത് വായനയെന്നത് ഏറെക്കുറെ ഡിജിറ്റലായി മാറിക്കഴിഞ്ഞു.ആയതിനാൽ കുട്ടികളുടെ രചനകൾ കോർത്തിണക്കി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്.

വായനയുടെയും വിജ്ഞാനത്തിന്റെയും നൂതന ലോകത്തിൽ ഈ ഡിജിറ്റൽ മാഗസിൻ നവിനയം നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

ചാരിതാർത്ഥ്യത്തോടെ
കൈറ്റ് മാസ്റ്റേർസ്
പ്രവീൺ.കെ,പ്രിൻസ് ജെ.കെ

# LITTLE KITES  NINTH STANDARD CAMP



# ഉള്ളടക്കം


| | |
|---|---|
| കേരളം | ജൂലിയ റോസ് |
| പ്രകൃതി | ശ്രീനന്ദ ഇ കെ |
| എന്റെ അമ്മ | സിയ പി |
| തേങ്ങാപ്പൂള് | അവന്തിക പ്രമോദ് |
| അവധിക്കാലം | നിവേദ് സുനീഷ് |
| അവൾ | സിയാമോൾ |
| അമ്മ | കീർത്തന എം എം |
| എന്റെ ചുവന്ന കളിപ്പാട്ടം | നഥാനിയേൽ ബെജു |
| സ്നേഹവർഷം | ആൽവിൻ ജോസ് |
| മനോഹരമായ പ്രകൃതി | റിതുനന്ദ് |
| സൗഹൃദം | ദേവി ദിയ കെ പി |



**കേരളം**

**ജൂലിയ റോസ്**

ഹാ എത്ര സുന്ദരം
ഹാ എത്ര സുന്ദരം
ഈ കൊച്ചു കേരള നാട്ടു കാണാൻ
ദൈവത്തിൽ നാടെന്നു ചൊല്ലിടുന്ന
ഈ ശോഭയേറും കൊച്ചു നാട്ടു കാണാൻ
നാളികേരങ്ങൾ തിങ്ങി നിറയും
ഹരിതാഭമാകുമീ കേരളത്തിൽ
ഇത്തിരി കൈക്കുട വട്ടമെന്നാകിലും
ഒത്തിരി വർണ്ണങ്ങളുണ്ട് കാണാൻ
കേരള മണ്ണിൽ ജനിച്ചതെനിക്കൊരു
ജന്മജന്മാന്തര പുണ്യമല്ലേ
എത്ര പറഞ്ഞാലും തീരുകില്ല
ഈ കേരള നാട്ടിൻ കീർത്തികൾ



# പ്രകൃതി

ശ്രീനന്ദ ഇ കെ

ഹോ പ്രകൃതി എത്ര മനോഹരമാണ് നീ!
മരങ്ങൾ, പക്ഷികൾ, വെള്ളച്ചാട്ടങ്ങൾ
ഹോ മരങ്ങളെ എത്ര സുന്ദരമാണ് നിങ്ങൾ!
ഇലയേയും പക്ഷികളയും ചേർത്തു നിർത്തിടാം
ഹോ പക്ഷികളെ എത്ര അഴകുള്ളവയാണ് നിങ്ങൾ!
പല നിറങ്ങളുള്ള തൂവൽ കൊണ്ട് സുന്ദരിയായിടം
ഹോ വെള്ളച്ചാട്ടമേ എത്ര തെളിവാർന്നതാണ് നീ!
പുല്ലും കല്ലും സർവ്വചരാചരങ്ങളെയും ചേർത്തുനിർത്തിടാം
ഹോ പ്രകൃതി എത്ര മനോഹരമാണ് നീ!



# എന്റെ അമ്മ

സിയ പി

അമ്മേ നിന്നെ ഞാനറിയുന്നു
എന്റെ വെളിച്ചത്തിൽ നിഴലായ്
നീ തന്നെ സ്നേഹം
നീ തന്നെ ശ്രദ്ധ
നീ എന്റെ കരുത്ത്
നിന്റെ നിസ്വാർത്ഥത
എന്റെ സർവ്വസ്വവും നീ തന്നെ
അമ്മേ
നിന്നെ വിവരിക്കാനാവില്ല വാക്കിനാൽ
വാക്കുകൾ കിട്ടാതെ
ഉഴറുന്നിന്നെൻ കണ്ണും
നീ തന്നെ എല്ലാം
നീയാണ് എന്റെ മൂല്യം
നീ സർവ്വസ്വം
നിന്നെ സ്നേഹിക്കാനായി
എന്റെ ജീവനോളം
അണയാതെ കാക്കും ഞാൻ
അമ്മേ നീ എന്റെ സർവ്വം



# തേങ്ങാപ്പൂള്

അവന്തിക പ്രമോദ്

ആരോ എറിഞ്ഞൊരു തേങ്ങാപ്പൂള്
മാനത്തേക്ക് പറന്നെത്തി
കൂട്ടിന്നായി കൂടെപ്പോയി
പഞ്ചാരത്തരി നക്ഷത്രം
കൂട്ടം തെറ്റിയ മിന്നാമിന്നികൾ
മാനത്തെങ്ങും മിന്നുന്നു
അമ്പിളിയൊന്നെൻ കൈയിൽ കിട്ടണ–
മെന്നൊരു വാശിക്കുട്ടനതാ
തേങ്ങാപ്പൂളതു നീട്ടി കുഞ്ഞിൻ
കണ്ണിൻ പൂത്തിരി നക്ഷത്രം



# അവധിക്കാലം

നിവേദ് സുനീഷ്

എന്നുള്ളിൽ പുഞ്ചിരിതൂകി
സന്തോഷത്തിന്റെ അവധിക്കാലം
കൂട്ടരുമൊത്തു കളിക്കാൻ
പൂക്കളമൊരുക്കാൻ ഓണാവധിക്കാലം

ആകാശ നക്ഷത്രങ്ങൾ വിണ്ണിലിറങ്ങും
ക്രിസ്മസ്ക്കാലം
എന്റെ പിറന്നാൾ
ദിനത്തിൽ
അവധിക്കാലം സന്തോഷത്തിൻ
നാളുകൾ

കൂട്ടുകാരുമൊത്തോടിക്കളിക്കാൻ
വന്നെത്തുന്നൊരു വേനലവധിക്കാലം
വിടപറയുന്നീ അവധിക്കാലം
വിടപറയുന്നീ അവധിക്കാലം



# അവൾ

സിയ മോൾ


ആകാശവീഥിയിൽ പട്ടം പോലെ പറക്കാൻ
നിങ്ങളവൾക്ക് സ്വാതന്ത്ര്യം കൊടുത്തു
ചിറകുകൾ മുറിച്ചു കളഞ്ഞിട്ടുമവൾ
പറക്കുമെന്നാത്മ വിശ്വാസത്തോടെ
ഉയരങ്ങൾ കീഴടക്കണമെന്ന് ചൊല്ലിക്കൊടുത്തു
ഒരു നൂലിന്റെയറ്റത്തു കോർത്തിട്ടു പറഞ്ഞു
കൈവിട്ടു പോകാതിരിക്കാനാണെന്ന്
സ്നേഹിക്കുന്നവരെയിത്രമേൽ വിശ്വസിക്കാനവൾ–
ക്കല്ലാതെ മറ്റാർക്ക് കഴിയും?
മഞ്ഞുപോലുരുകിയ ജീവിതമാണവൾക്ക്..
സ്വപ്നം കാണാൻ പഠിപ്പിച്ച
ചിറകുകൾ തേടിയവൾ പറക്കുകയായ്



# അമ്മ

കീർത്തന എം എം

ജീവിതത്തിൽ എല്ലാവരുടെയും ശക്തി
തന്നെക്കാൾ മറ്റുള്ളവരെ സ്നേഹിക്കുന്നയാൾ
അമ്മയെക്കാൾ മഹത്തരമല്ല വേറെയൊന്നും
എല്ലാത്തിനും ഒപ്പം നിൽക്കുന്നവർക്ക്–
സന്തോഷമുണ്ടോ എന്നത് തിരിച്ചറിയാൻ സമയം വേണം
തന്റെ ജീവിതം മറ്റുള്ളവർക്ക് വേണ്ടി ത്യജിക്കുന്നു
സർവ്വം സഹയായ എല്ലാവരുടെയും ജനനി
പ്രപഞ്ചത്തിലേറ്റവും വലിയ പോരാളിയായി നിൽക്കെ
സന്തോഷത്തിനായുസ്സുണ്ടെന്നറിയാതെ കഷ്ടപ്പെടുന്നു
സങ്കടങ്ങളുടെ ഒരു പർവ്വതം
ലോകത്തിൽ മാതൃകയാണെന്നും
അമ്മ ഏവർക്കും ദീപനാളം
അമ്മയെന്നതൊരുവാക്കല്ല കാണപ്പെടുന്ന
ദൈവമാണേവർക്കും



Agney Dinesh



# എന്റെ ചുവന്ന കളിപ്പാട്ടം

നഥാനിയേൽ ബൈജു

എന്റെ മനോഹരമായ കളിവണ്ടി
പഴുത്ത ആപ്പിളിൻ ചുവപ്പാണ്,
നക്ഷത്രത്തെ പോലെ തിളങ്ങും
ബഹിരാകാശവണ്ടിയുടെ വേഗത്തിൽ പോകും
അതിന്റെ തിളക്കം കണ്ടാൽ
മാലാഖമാർ പോലും ഞെട്ടും!
അതിന്റെ വേഗത കണ്ടാൽ
പുള്ളിപ്പുലികൾ അന്തം വിടും
അതിനു പറക്കാം
അതിനു ചാടാം
അതിനു സംസാരിക്കാം
ഞാനെൻ വണ്ടിയും കൊണ്ട്
ലോകം ചുറ്റുമല്ലോ




# സ്നേഹവർഷം

അൽവിൻ ജോസ്

വാനിൽ നിന്നുതിർന്ന തുള്ളികൾക്കപ്പുറം
മഴയാകുന്ന എന്നെ
പച്ചപരവതാനിയിൽ പുതഞ്ഞ ഭൂമിയിലേക്ക്
തന്റെ പ്രണയാം പായിച്ചൊരീ അംബരം
പൃഥ്വിയോടുള്ള അചഞ്ചലമായ പ്രണയം
എന്നിലൂടെ അടയാളപ്പെടുത്തുന്നു.
വിചിത്രമാം പ്രകൃതിയിൽ ഉരുത്തിരിഞ്ഞ
പൂക്കളിലും ഇലകളിലും അരുവികളിലും
ഞാൻ വർഷിക്കുന്നു
ഞാൻ ഒരിക്കലും ദർശിക്കാത്ത പ്രണയിനിക്ക്
തന്റെ സ്നേഹം എന്നിലൂടെ ചൊരിയുന്നു
വിസ്മയകരമായ നിറക്കൂട്ടുകളുടെയും
മേഘസ്ഫോടനങ്ങളുടെയും അകമ്പടിയോടെ
സമൃദ്ധമാകുന്നു എന്റെ വരവ്
വരണ്ടുണങ്ങുന്ന ഭൂമി ഒരിറ്റു സ്നേഹത്തിനായി
ഒരുപാട് ദാഹിക്കുന്നു.
തന്റെ പ്രണയപരവശയായ ധരണിയെ
പൊട്ടുന്നനെ എന്നിലൂടെ ശരവേഗത്തിൽ
അവളിലേക്ക് ചേക്കേറിയ നീലാകാശം
ദാഹജലമാകുന്ന സ്നേഹമായി ഒഴുകി

# മനോഹരമായ പ്രകൃതി

റിതുനന്ദ്



ജീവിതം പച്ചപ്പിൽ പൂക്കുന്ന നീല
പാറയാണ് ഞാൻ
എന്നിൽ വിഹരിക്കുന്ന ജീവികളുള്ള
ഒരേയൊരു ഗ്രഹമാണ്
ഓ എന്നെപ്പോലെ തന്നെ ജീവനുള്ള
ഗ്രഹങ്ങൾ ഇണ്ടോ ഞാൻ അത്ഭുതപ്പെടുന്നു
എന്റെ കുട്ടികൾ പ്രായമാകുന്നതും യോജിപ്പുള്ള
ഒരു തികഞ്ഞ ലോകം സൃഷ്ടിക്കുന്നതും,
കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

# സൗഹൃദം



ദേവിദിയ കെ പി

എന്റെ സന്തോഷങ്ങളായാലും, സങ്കടങ്ങളായാലും
അതു പകർന്നിടാൻ കുറച്ചുപേരെനിക്കുണ്ട്
അവരില്ലെങ്കിൽ ഞാൻ ഒന്നുമല്ലാതായ് തീരുന്നു
ഈ ലോകത്തിന്റെ നല്ല വശങ്ങളും ദൂഷ്യവശങ്ങളും
അവരെനിക്ക് മനസ്സിലാക്കി തരുന്നു
അവരോടൊന്നിച്ച് ഞാൻ ചിരിക്കാറുണ്ട്;
അവരോടൊന്നിച്ച് ഞാൻ കരയാറുമുണ്ട്;
എന്തുവന്നാലും എന്റെ സന്തോഷത്തിലും സങ്കടത്തിലും
ഉണ്ടാകുമെന്നൊരു വിശ്വാസം എനിക്കുണ്ട്
നമ്മൾ വഴക്കുകൂടാറുണ്ട്, പിണങ്ങിയിരുന്നിട്ടുണ്ട്
എന്നു വച്ച് നമ്മൾ പലതല്ല;
നമ്മൾ ഒന്നാണ്;
നമ്മൾ സുഹൃത്തുക്കളാണ്









THANK YOU